(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം :
പട്ടികജാതിക്കാർ — 2770
പട്ടികവർഗ്ഗക്കാർ— 16

(ബി) 7 (ഏഴ്)

(സി & ഡി) ഓരോ പ്രദേശത്തും അധിവസിക്കുന്നഹരിജൻ കുടുംബങ്ങളുടെ എണ്ണവും ടി പ്രദേശത്തിന്റെ സാമ്പത്തികപിന്നോക്കാവസ്ഥയും മുൻഗണനയ്ക്ക് മാനദണ്ഡമായി സ്വീകരിച്ചു ജില്ലാകളക്ടർ ചെയർമാനായുള്ള അതാതു ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

നാവായിക്കുളം പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1521. [2276] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ ഇതിനാലകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

(സി) ഈ വർഷം ഇനിയും പുതിയതായി അവിടെ കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം ;
പട്ടികജാതിക്കാർ — 4566
പട്ടികവർഗ്ഗക്കാർ—ഇല്ല.

(ബി) 8 (എട്ട്)

(സി ഡി & ഇ) ഓരോ പ്രദേശത്തും അധിവസിക്കുന്ന ഹരിജൻ കുടുംബങ്ങളുടെ എണ്ണവും ടി പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയും മുൻഗണ നയ്ക്ക് മാനദണ്ഡമായി സ്വീകരിച്ച് ജില്ലാകളക്ടർ ചെയർമാനായുള്ള അതാതു ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

മുദാക്കൽ പഞ്ചായത്തിലെ ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1522. [2277] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ മുദാക്കൽ പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly